11. മൃഗചികിത്സാ സൗകര്യങ്ങൾ വിപുലീകരിക്കുക.

12 രോഗ നിരീക്ഷണ-നിയന്ത്രണ പരിപാടികൾ സംസ്ഥാന ത്തൊട്ടാകെ വ്യാപിപ്പിക്കുക.

13. ഉൽപ്പാദനശേഷിയുള്ള പശുക്കളെ ഇൻഷ്വർചെയ്യാൻ സഹായിക്കുക.

(സി) ഉണ്ട്.

93 (719) **ക്ഷീരോൽപ്പാദകർക്ക് ഇൻഷ്വറൻസ് പദ്ധതി**

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്ഷീരോൽപ്പാദകർക്ക് ഇൻഷ്വറൻസ് പദ്ധതി നിലവിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽപ്പെട്ട കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്;

(സി) എത്ര കർഷകരെയാണ് ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിന്റെ പ്രീമിയം എത്ര രൂപയാണ്;

(ഇ) ഇതിൽ കർഷകന്റെ വിഹിതം എത്ര;

(എഫ്) മറ്റാരെല്ലാമാണ് ഇതിൽ വിഹിതം അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ജി) ഇതുമൂലം കർഷകർക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998-99 മുതൽ കാമധേനു ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും ക്ഷീരകർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു.

(സി) ഒരു പഞ്ചായത്തിൽ ഒരു വർഷം 400 കറവപ്പശുക്കളേയും 800 കൃഷിക്കാരേയും വീതം ഉൾപ്പെടുത്തി മൂന്ന് വർഷംകൊണ്ട് 12 ലക്ഷം പശുക്കളേയും 24 ലക്ഷം കർഷകരേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(ഡി) സമഗ്ര പദ്ധതിക്കുള്ള മൊത്തം പ്രീമിയം 895 രൂപയാണ്.

(ഇ) പ്രീമിയത്തിന്റെ മൂന്നിൽ രണ്ട് വരുന്ന ഭാഗമാണ് കർഷക വിഹിതമായി വരുന്നത്. ബാക്കി തുക തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്നും പദ്ധതി വിഹിതത്തിൽനിന്നും കണ്ടെത്തുന്നു.

(എഫ്) ക്ഷീര സഹകരണ സംഘങ്ങൾക്കോ സന്നദ്ധ സംഘടനകൾക്കോ കർഷക വിഹിതം സംഭാവനയായി നൽകാമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

94 (720) നടപ്പ് സാമ്പത്തിക വർഷത്തെ ടൂറിസം പദ്ധതികൾ

ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടൂറിസം വികസനത്തിനായി നടപ്പ് വർഷം ഏതൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ എത്രയധികം ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കാൻ കഴിയുമെന്നും എന്തുതുക ഈയിനത്തിൽ കൂടുതലായി നേടാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്;

(സി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തന പുരോഗതിയെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പ് വർഷം കേന്ദ്രസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി† ചേർത്തിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ കൃത്യമായ കണക്കുകൾ പറയാൻ കഴിയില്ല. എങ്കിലും 2,00,000 വിദേശീയരെങ്കിലും ഈ വർഷം കേരളം സന്ദർശിക്കുമെന്നും അവരിൽനിന്ന് കുറഞ്ഞത് 400 കോടിയുടെ വിദേശനാണ്യം നേടാൻ സാധിക്കുമെന്നുമാണ് കരുതുന്നത്.

(സി) 1988-89 കാലഘട്ടത്തിൽ രൂപം നൽകിയ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ പ്രാരംഭ ഘട്ടത്തിലേതിൽനിന്നും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ചുവരികയാണ്. ചുരുക്കം ചില ജില്ലകളൊഴികെ ഇവയുടെ പ്രവർത്തനം ഏറെ ഫലപ്രദമാണ്. ആരംഭകാലത്തിലേതിൽനിന്ന് വ്യത്യസ്തമായി ടൂറിസം വികസനത്തിനുതകുന്ന പല പ്രധാന പദ്ധതികളും ഡി.റ്റി.പി.സി.കൾ ഇപ്പോൾ ഏറ്റെടുത്തു നടത്തുന്നുണ്ട്. ഡാം സെറ്റുകൾ, ബീച്ചുകൾ എന്നിവ മനോഹരമാക്കുക, ബോട്ടുകൾ, വാട്ടർ സ്പോർട്സ് എന്നിവ ഏർപ്പെടുത്തുക, ജില്ലാതല പ്രാധാന്യമുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സന്ദർശകർക്കായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി അവ വികസിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുക എന്നീ ചുമതലകളാണ് ഡി.റ്റി.പി.സി.കൾ ഇപ്പോൾ പ്രധാനമായി നിർവഹിച്ചുപോരുന്നത്.

95 (721) എക്കോ ടൂറിസം

ശ്രീ. ഇ.എം. അഗസ്തി :

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly